## 923

*രീതി: ഭക്തരിൻ വിശ്വാസ*

1 പ്രത്യാശയിൻ പരിപൂർത്തിയിലെത്തുവാൻ
ഒത്തുനിന്നുൽസാഹം കാണിക്കുക
ഭാരം പ്രയാസങ്ങളിപ്പോൾ സഹിക്കുക
വീരരായ് ലജ്ജയില്ലാതെ നിന്നിടുവാൻ-

2 മന്ദത വിട്ടുണർന്നിടുക സോദരാ നന്ദിയോടെ വീര്യം കാണിക്കുക
വാഗ്ദത്തങ്ങൾ അവകാശമാക്കീട്ടുള്ള വിശ്വാസവീരരെ പിന്തുടർന്നിടുക-

3 കർത്താവു മേഘത്തിൽ വേഗം വെളിപ്പെടും
ആകുലമൊക്കെയും തീർത്തിടുവാൻ
സോത്സാഹമിന്നിങ്ങു കാണപ്പെടുക നാം
സത്ഫലരായ് ഭവിച്ചിടുവാനാ നാളിൽ-

4 ഏറിയകാലങ്ങൾ കാണ്മാൻ തൊതിച്ചോനേ
വേർപിരിയാതങ്ങു കണ്ടിടും നാം
ഹല്ലെലുയ്യാ പാടി ആനന്ദപൂർണ്ണരായ്
അല്ലലൊഴിഞ്ഞു നാം തൻപദം കുമ്പിടും-

**P.V.J.**